website

2839
26/3/14.

'ഭരണഭാഷ മാതൃഭാഷ' **അടിയന്തിരം**

**കേരള സർക്കാർ**

നം. 76988/ഇ.ഡബ്ല്യു.2/13/തസ്വഭവ.

തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യു) വകുപ്പ്,
തിരുവനന്തപുരം, തീയ്യതി, 15-03-2014..

ഗവൺമെന്റ് സെക്രട്ടറി.

ചീഫ് എഞ്ചിനീയർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം: തസ്വഭവ - സാങ്കേതിക വിഭാഗം - തസ്തിക നാമകരണം സംബന്ധിച്ച്.

സൂചന: 02-07-2013-ലെ 40718/ഇ.ഡബ്ല്യു.2/12/തസ്വഭവ. സർക്കാർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേഡർ തസ്തിക പേരുകൾ മാത്രം ഉപയോഗിക്കുന്നതിന് പകരം എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിലില്ലാത്ത മുനിസിപ്പൽ എഞ്ചിനീയർ കോർപ്പറേഷൻ എഞ്ചിനീയർ, ടൗൺ പ്ലാനിംഗ് ഓഫീസർ തുടങ്ങിയ തസ്തിക പേരുകൾ ഉപയോഗിക്കരുതെന്ന് സർക്കാർ സൂചന (1)-ൽ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശത്തിനു വിരുദ്ധമായി മേൽ പറഞ്ഞ നിലവിലില്ലാത്ത സ്ഥാനപേരുകൾ, ഓഫീസ് രേഖകൾ, കത്തുകൾ, നെയിം ബോർഡുകൾ, ഔദ്യോഗിക വാഹന ബോർഡുകൾ എന്നിയിടങ്ങളിൽ ഇപ്പോഴും ഉപയോഗിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ യഥാർത്ഥ കേഡർ തസ്തിക പേരുകൾ അല്ലാതെ ഉള്ളവ ഇക്കാര്യങ്ങളിൽ ഉപയോഗിക്കുന്നവർക്കെതിരെ കടുത്ത അച്ചടക്കനടപടികൾ ഇനിയൊരറിയിപ്പില്ലാതെ സ്വീകരിക്കുന്നതാണ് എന്ന വിവരം അറിയിക്കുന്നു. ഇക്കാര്യം ബന്ധപ്പെട്ട എല്ലാവരുടെയും അടിയന്തിര ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ് എന്ന് അഭ്യർത്ഥിക്കുന്നു.

E1

വിശ്വസ്തതയോടെ,
(ഒപ്പ്)
**സെൽവരാജൻ. എൽ**
**അണ്ടർ സെക്രട്ടറി.**
ഗവ. സെക്രട്ടറിക്കുവേണ്ടി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

ഉത്തരവെഴുത്ത് നമ്പർ:- E1 - 2839/14/തസ്വഭവ - ഗവൺമെന്റിന്റെ തസ്തികനാമകരണം സംബന്ധിച്ച് കത്തിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശം കർശനമായി പാലിക്കേണ്ടതിനായി ഈ വകുപ്പിന് കീഴിലുള്ള എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, എക്സി. എഞ്ചിനീയർമാർ, അസി. എക്സി. എഞ്ചിനീയർമാർ അസി. എഞ്ചിനീയർമാർ എന്നിവരുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

CE